**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 292** **10-06-2024 - ൽ മറുപടിയ്ക്ക്**

**അനർഹരായ റേഷൻ കാർഡ് ഉടമകളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണന വിഭാഗത്തിൽപ്പെട്ടിട്ടുള്ള അനർഹരായ റേഷൻ കാർഡുടമകളെ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അപ്രകാരമുള്ളവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായി കൈവശം വച്ചിട്ടുള്ള മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 16.06.2021 മുതൽ 15.07.2021 വരെ സമയം അനുവദിച്ചിരുന്നു. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തി വരികയും ചെയ്യുന്നു.<br><br>പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റി വരുന്നു.<br><br>ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.<br><br>മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ആയതിലേക്ക് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മുൻഗണന വിഭാഗത്തിൽപ്പെട്ട അനർഹരായ എത്ര റേഷൻ കാർഡ് ഉടമകളെ ഒഴിവാക്കിയെന്നും അതുവഴി സംസ്ഥാന ഖജനാവിലേക്ക് പിഴയിനത്തിൽ ആകെ എത്ര തുക ഈടാക്കിയെന്നും അറിയിക്കാമോ; ഇത് സംബന്ധിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനർഹരായ കാർഡുടമകളിൽ നിന്നും ഈടാക്കിയ പിഴത്തുക സംബന്ധിച്ച വിശാംശങ്ങൾ **<u>അനുബന്ധം - 1</u>** ആയി ചേർക്കുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ? | (സി) | വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻകാർഡുകളുടെ വിശദാംശങ്ങൾ **<u>അനുബന്ധം - 2</u>** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം (21-5-2021 മുതൽ 31/03/2024 വരെ) അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരുന്ന കാർഡുടമകളിൽ നിന്നും ഈടാക്കിയ പിഴ വിവരം | | | |
|---|---|---|---|
| ക്രമ നം | ജില്ല | അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വച്ചിരിക്കുന്ന കാർഡുടമകളുടെ എണ്ണം | ടി കാർഡുകളിൽ നിന്നും ഈടാക്കിയ പിഴ തുക |
| 1 | തിരുവനന്തപുരം | 3176 | 2282301 |
| 2 | കൊല്ലം | 761 | 2055591 |
| 3 | ആലപ്പുഴ | 10694 | 1071345 |
| 4 | പത്തനംതിട്ട | 5351 | 2376804 |
| 5 | കോട്ടയം | 125 | 681781 |
| 6 | ഇടുക്കി | 504 | 619244 |
| 7 | എറണാകുളം | 3110 | 6044550 |
| 8 | തൃശ്ശൂർ | 5166 | 16356129 |
| 9 | പാലക്കാട് | 6465 | 10816567 |
| 10 | കോഴിക്കോട് | 1863 | 3358096 |
| 11 | മലപ്പുറം | 11193 | 19554416 |
| 12 | വയനാട് | 7042 | 1151911 |
| 13 | കണ്ണൂർ | 1601 | 5409956 |
| 14 | കാസർകോട് | 6907 | 1697086 |
| **ആകെ** | | **63958** | **7,34,75,777** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

| Sl. No. | District Name | Total Cards | Total Beneficiaries | AAY | | PHH | | Non Priority State Subsidy | | Non Priority Non Subsidy | | NPI Cards |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Cards | Beneficiaries | Cards | Beneficiaries | Cards | Beneficiaries | Cards | Beneficiaries | |
| 1 | Thiruvananthapuram | 1024644 | 3405230 | 60510 | 186794 | 458049 | 1518981 | 175695 | 622463 | 329602 | 1076204 | 788 |
| 2 | Kollam | 795013 | 2797156 | 48085 | 157048 | 334041 | 1149514 | 176960 | 659555 | 234940 | 830052 | 987 |
| 3 | Pathanamthitta | 363829 | 1362511 | 22807 | 76898 | 115730 | 412793 | 90407 | 348873 | 134454 | 523516 | 431 |
| 4 | Alappuzha | 621594 | 2272813 | 39113 | 127793 | 277173 | 1013561 | 122226 | 464683 | 181995 | 665689 | 1087 |
| 5 | Kottayam | 555473 | 2081852 | 34402 | 117507 | 184648 | 677648 | 120907 | 470497 | 208749 | 809433 | 6767 |
| 6 | Idukki | 321086 | 1116606 | 34491 | 106224 | 136524 | 457943 | 67012 | 255967 | 80566 | 293979 | 2493 |
| 7 | Ernakulam | 914499 | 3339622 | 36153 | 117515 | 281095 | 997318 | 255912 | 976304 | 335101 | 1242247 | 6238 |
| 8 | Thrissur | 904653 | 3384340 | 52105 | 170612 | 321860 | 1175365 | 247164 | 975848 | 278773 | 1057764 | 4751 |
| 9 | Palakkad | 813058 | 3048903 | 49509 | 162884 | 362051 | 1354542 | 155803 | 624625 | 244608 | 905765 | 1087 |
| 10 | Malappuram | 1047433 | 4759954 | 50739 | 209697 | 416865 | 1853276 | 298127 | 1466132 | 281500 | 1230647 | 202 |
| 11 | Wayanad | 237052 | 880517 | 55481 | 184598 | 75240 | 274336 | 49111 | 201571 | 56344 | 219136 | 876 |
| 12 | Kannur | 679719 | 2805694 | 36452 | 130916 | 189036 | 757428 | 205061 | 919436 | 247678 | 996422 | 1492 |
| 13 | Kozhikode | 824604 | 3363430 | 38406 | 130395 | 317557 | 1266304 | 214003 | 936240 | 253385 | 1029238 | 1253 |
| 14 | Kasargod | 346095 | 1469369 | 31836 | 123133 | 121060 | 494136 | 95456 | 452306 | 97561 | 399612 | 182 |
| Grand Total | | 9448752 | 36087997 | 590089 | 2002014 | 3590929 | 13403145 | 2273844 | 9374500 | 2965256 | 11279704 | 2863 |

സെക്ഷൻ ഓഫീസർ